**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 214** **27-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യങ്ങളിൽ മായം ചേർക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ദെലീമ,<br>ശ്രീ. പി. നന്ദകുമാർ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വില്പനക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിലുൾപ്പെടെ മായം ചേർത്തിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' എന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകുകയും സംസ്ഥാന വ്യാപകമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്ന മത്സ്യം, നമ്മുടെ നാട്ടിൽ തന്നെ വിൽപ്പന ചെയ്യുന്ന മത്സ്യം എന്നിവ പരിശോധിയ്ക്കുന്നതിനായി ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കിയിട്ടുണ്ട്.<br><br>ടി പദ്ധതിയുടെ ഭാഗമായി 22/06/2022 വരെ **5549** മത്സ്യ പരിശോധനകൾ നടത്തുകയും, **2797** സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിയ്ക്കുകയും **131** വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും **17283** കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മാർക്കറ്റുകളിലും കടകളിലും ഭക്ഷ്യ വസ്തുക്കൾ തരംതിരിച്ച് പരിശോധിക്കുന്നതിനും മായം കണ്ടെത്തിയാൽ നടപടികൾ സ്വീകരിക്കുന്നതിനും പ്രത്യേക സംവിധാനമൊരുക്കിയിട്ടുണ്ടോ; മായം കലർന്ന ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | മാർക്കറ്റുകളിലും കടകളിലും ഭക്ഷ്യ വസ്തുക്കൾ തരംതിരിച്ച് പരിശോധിക്കുകയും സാമ്പിൾ ചെയ്യുകയും ചെയ്യുന്നു. ടി സാമ്പിളുകൾ പരിശോധനയ്ക്കായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിലേയ്ക്ക് അയച്ച് പരിശോധന നടത്തി മായം ഉണ്ടോ/ഇല്ലയോ എന്ന് കണ്ടെത്തുന്നു. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രമാക്കി ഓരോ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാർ വീതവും, കൂടാതെ **14** ജില്ലകളിലുമായി **14** ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരും നിയോജക |

| | | | |
|---|---|---|---|
| | | | മണ്ഡലാടിസ്ഥാനത്തിൽ **140** ഭക്ഷ്യസുരക്ഷാഓഫീസർമാരും, **12** നോഡൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരും, ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ കാര്യാലയങ്ങളിലായി 6 ഭക്ഷ്യസുരക്ഷാ ഓഫീസർമാരും, ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ 2 ഭക്ഷ്യ സുരക്ഷാ ഓഫീസർമാരും ഉൾപ്പെടെ ആകെ 160 ഭക്ഷ്യസുരക്ഷാ ഓഫീസർമാരും വകുപ്പിന്റെ ഭാഗമായുണ്ട്. ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് **NABL** അക്രെഡിറ്റേഷനുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു. പത്തനംതിട്ടയിൽ ജില്ലാ ഫുഡ്ടെസ്റ്റിംഗ് ലാബും, കണ്ണൂർ ജില്ല കേന്ദ്രീകരിച്ച് ഒരു റീജിയണൽ അനലിറ്റിക്കൽ ലാബും പ്രവർത്തിച്ച് വരുന്നു. കൂടാതെ **14** ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകൾ പ്രവർത്തിപ്പിച്ച് വരുന്നു.<br><br>ഭക്ഷ്യസുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിയ്ക്കുന്നതിനായി **24** മണിയ്ക്കൂറും പ്രവർത്തിയ്ക്കുന്ന ജി.സി.സി (ഗവൺമെന്റ് കോൺടാക്റ്റ് സെന്റർ) മുഖേന പ്രവർത്തിപ്പിച്ച് വരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് നേരിട്ട് ഭക്ഷ്യസുരക്ഷാ ഓഫീസുകളിലെത്തിയും, ഫോൺ മുഖേനെയും ഇ-മെയിൽ മുഖേനയും, **CMO Portal** മുഖേനയും ഭക്ഷ്യസുരക്ഷ സംബന്ധിച്ച പരാതികൾ നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ